DESPATCHED On..8/..2../..22

3/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1570(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 13840/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഫെബ്രുവരി 3**

ശ്രീ. ജോസ് പി.വി.
പ്ലാമൂട്ടിൽ വീട്, പത്തിയൂർ കിഴക്ക്,
പത്തിയൂർ വില്ലേജ്,
കീരിക്കാട് പി.ഒ., ആലപ്പുഴ – 690 508. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അഡീഷണൽ പോലീസ് സൂപ്രണ്ട്, ജില്ലാ പോലീസ് ഓഫീസ്, ആലപ്പുഴ.
2) അപ്പീൽ അധികാരി & ജില്ലാ പോലീസ് മേധാവി, ജില്ലാ പോലീസ് ഓഫീസ്, ആലപ്പുഴ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 08/03/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 05/04/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 28/04/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 25/05/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 30/07/2021, 27/10/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 28/10/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 09/11/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 08/12/2021 |
| ഹിയറിംഗ് നടന്ന തീയതി | 25/01/2022 വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ജോസ് പി.വി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട 5 പേരുടെ മൊഴിപ്പകർപ്പുകൾ വിവരാവകാശ നിയമത്തിലെ 8(1)(എച്ച്) വകുപ്പ് പ്രകാരം നിഷേധിക്കുകയാണ് എതിർകക്ഷികൾ ചെയ്തിട്ടുള്ളതെന്നും ആയതിനാൽ ആവശ്യപ്പെട്ട ടി രേഖകൾ ലഭ്യമാക്കുന്നതിനുള്ള ഉത്തരവുണ്ടാകണമെന്നുമാണ്.

2. ആലപ്പുഴ ജില്ലാ ക്രൈം ബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സുപ്രണ്ട് മുമ്പാകെ 8.3.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

1) കരീലകുളങ്ങര പോലീസ് സ്റ്റേഷൻ ക്രൈം 16/19, 35/19, 1052/19, 1156/19 എന്നീ കേസുകൾ റീ-ഇൻവെസ്റ്റിഗേഷൻ നടത്തിക്കുന്നതിലേക്ക് ആലപ്പുഴ ജില്ലാ പോലീസ് സൂപ്രണ്ടിനെ 11.12.2020–ലെ HRMP 3844/11/1/19 നമ്പർ ഉത്തരവുപ്രകാരം ബഹു. മനുഷ്യാവകാശ കമ്മീഷൻ ചുമതലപ്പെടുത്തിയതനുസരിച്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഹർജിക്കാരനിൽ നിന്നും, ടിയാന്റെ ഭാര്യ ഷൈനി ജോസ്, മകൾ ലാനി മറിയം ജോസ്, മകൻ ആരോൺ, ഭാര്യാപിതാവ് ജി. ചെറിയാൻ എന്നിവരിൽ നിന്നും രേഖപ്പെടുത്തിയ മൊഴിയുടെ പകർപ്പുകൾ നൽകണമെന്നും
2) മേൽപ്പടി കേസുകൾ റീ-ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിലേക്ക് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തി ബഹു. ജില്ലാ പോലീസ് സൂപ്രണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 05.04.2021 തീയതി നൽകിയ മറുപടിയിൽ ഒന്നാം എതിർകക്ഷി അറിയിച്ചത്, നിലവിൽ കേസ് അന്വേഷണം പൂർത്തിയായിട്ടില്ലാത്തതിനാൽ അപേക്ഷയിലെ 1-ാം ഇനത്തിൽ ആവശ്യപ്പെട്ട രേഖകൾ വിവരാവകാശ നിയമം 8(1)(എച്ച്) പ്രകാരം നൽകുവാൻ സാധിക്കുകയില്ല എന്നും 2-ാം ഇനത്തിൽ ആവശ്യപ്പെട്ട ഉത്തരവിന്റെ പകർപ്പ് നൽകുന്നു എന്നുമാണ്. തുടർന്ന് ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, അപേക്ഷയിലെ 2-ാം ഇനത്തിൽ ആവശ്യപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭിച്ചുവെങ്കിലും ഒന്നാം ഇനത്തിൽ ആവശ്യപ്പെട്ട സാക്ഷി മൊഴികളുടെ പകർപ്പ് ലഭിച്ചിട്ടില്ലെന്നും ആയത് ലഭ്യമാക്കണമെന്നുമാണ്. മേൽപ്പടി അപ്പീലിന് നൽകിയ മറുപടിയിൽ കേസുകളുടെ പുനരന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചിട്ടില്ലാത്തതിനാൽ ആവശ്യപ്പെട്ട മൊഴി പകർപ്പുകൾ വിവരാവകാശ നിയമം 8(1)(എച്ച്) പ്രകാരം നൽകുവാൻ നിർവ്വാഹമില്ലെന്നാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. ജോസ് പി.വി., 8.3.2021 തീയതി ആലപ്പുഴ ജില്ലാ ക്രൈം ബ്രാഞ്ച് (സി-ബ്രാഞ്ച്) ഡി.വൈ.എസ്.പി. ഓഫീസിൽ സമർപ്പിച്ച അപേക്ഷ 10.3.2021 തീയതി ആലപ്പുഴ ജില്ലാ പോലീസ് ഓഫീസിലെ എസ്.പി.ഐ.ഒ. സ്വീകരിക്കുകയും

ആയതിന് 5.4.2021 തീയതി മറുപടി നൽകിയിട്ടുള്ളതാണെന്നും തുടർന്ന് സമർപ്പിച്ച അപ്പീലിനും മറുപടി നൽകിയിട്ടുള്ളതാണെന്നും കരീലകുളങ്ങര സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം കേസിൽ ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി. രേഖപ്പെടുത്തിയ ടിയാന്റെയും ടിയാന്റെ ഭാര്യ ഷൈനി ജോസ്, മകൾ ലാനി മറിയം ജോസ്, മകൻ ആരോൺ, ഭാര്യാപിതാവ് ജി. ചെറിയാൻ എന്നിവരുടെ മൊഴി പകർപ്പാണ് അപേക്ഷയിൽ ഒന്നാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നതെന്നും ജില്ലാ ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി. നൽകിയ റിപ്പോർട്ട് പ്രകാരം നിലവിൽ കേസന്വേഷണം പൂർത്തിയായിട്ടില്ലാത്തതിനാൽ രേഖകൾ വിവരാവകാശ നിയമം 8(1)(എച്ച്) പ്രകാരം നൽകുവാൻ സാധിക്കുകയില്ല എന്ന മറുപടിയാണ് നൽകിയതെന്നും തുടർന്ന് എസ്.പി.ഐ.ഒ. നൽകിയ മറുപടി തൃപ്തികരമല്ല എന്നാരോപിച്ച് അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ആയതിന് ജില്ലാ ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി.യോട് വിശദീകരണം ആവശ്യപ്പെട്ടിരുന്നതും, ആയതിൽ കേസന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചിട്ടില്ലാത്തതിനാൽ രേഖകൾ വിവരാവകാശ നിയമം 8(1)(എച്ച്) പ്രകാരം ഒഴിവാക്കപ്പെട്ടിട്ടുള്ളതിനാൽ ടി മൊഴി പകർപ്പുകൾ നൽകുവാൻ സാധിക്കുകയില്ല എന്നു മറുപടി നൽകികൊണ്ട് 25.5.2021-ന് അപ്പീൽ അപേക്ഷ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ടത് ടിയാനും മറ്റ് നാല് കുടുംബാംഗങ്ങളും നൽകിയ മൊഴിയുടെ പകർപ്പാണെന്ന് കാണുന്നു. ആയത് മൊഴി നൽകിയ ടി കക്ഷികളെ വായിച്ച് കേൾപ്പിക്കേണ്ട രേഖയുമാണ്. ടി രേഖകൾ ആവശ്യപ്പെട്ടത് കേസിലെ പ്രതിയോ മൂന്നാം കക്ഷിയോ അല്ല എന്നതിനാൽ ടി രേഖകൾ നൽകുന്നത് വിവരാവകാശ നിയമം 8(1)(എച്ച്)-ൽ പ്രതിപാദിക്കും പ്രകാരം കേസ് അന്വേഷണത്തേയോ കുറ്റവാളികളുടെ അറസ്റ്റിനേയോ കേസിന്റെ മറ്റ് നടപടിക്രമത്തേയോ യാതൊരു വിധത്തിലും ബാധിക്കുകയില്ല. ആയതിനാൽ ഹർജിക്കാരന്റെ അപേക്ഷയിലെ ഒന്നാം ഇനത്തിൽ ആവശ്യപ്പെട്ട മൊഴിപകർപ്പുകൾ **15.2.2022-നകം** സൗജന്യമായി ഹർജിക്കാരന് ഒന്നാം എതിർകക്ഷി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം **2022 ഫെബ്രുവരി 3-ാം** തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us